# പഠനനേട്ടങ്ങൾ

**ദീപ്തമായ ഓർമ്മകൾ**

- ആശയങ്ങളെയും അനുഭവങ്ങളെയും ഉൾക്കൊണ്ട് ഭാഷാപ്രയോഗത്തിലേർപ്പെടുന്നു.
- കാലത്തിന്റെ മാറ്റങ്ങളെ ഓർമ്മകളുടെ പിൻബലത്തിൽ ആവിഷ്കരിക്കാനുള്ള ഭാഷാ ശേഷി നേടുന്നു.
- ആത്മകഥ, ജീവചരിത്രം എന്നീ സാഹിത്യപ്രസ്ഥാനങ്ങളുടെ ശക്തി സൗന്ദര്യങ്ങൾ ഉൾക്കൊള്ളുകയും മികച്ച മാതൃകകൾ പരിചയപ്പെട്ട് വായനാക്കുറിപ്പ് തയാറാക്കുകയും ചെയ്യുന്നു.
- ആത്മകഥ, ജീവചരിത്രം എന്നിവയിലെ ആഖ്യാനപരമായ സവിശേഷതകൾ ഉൾക്കൊണ്ട് രചനകൾ നിർവ്വഹിക്കുന്നു.
- സ്വന്തം, ദേശം, ഭാഷ, സംസ്കാരം എന്നിവയോട് മനുഷ്യനുള്ള വൈകാരിക ബന്ധം സാഹിത്യരചനകളെ സമ്പുഷ്ടമാക്കുന്നതിനെ കുറിച്ച് പഠനക്കുറിപ്പുകൾ തയാറാക്കുന്നു.
- ആധുനിക ജീവിത സാഹചര്യങ്ങളിൽ മാതൃഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം നേടുകയും ലഘുലേഖകൾ, പോസ്റ്ററുകൾ എന്നിവ തയാറാക്കുകയും ചെയ്യുന്നു.
- വിവിധ യാത്രാക്കുറിപ്പുകൾ പരിചയപ്പെട്ട് യാത്രാവിവരണ സാഹിത്യത്തിന്റെ മൗലികസ്വഭാവങ്ങൾ, വൈവിധ്യങ്ങൾ എന്നിവ കണ്ടെത്തി ലഘുഉപന്യാസം രചിക്കുന്നു.
- അപരിചിതമേഖലകളിലെ അനുഭവചിത്രങ്ങൾ വായനക്കാരന് സ്വന്തം അനുഭവങ്ങളായി തോന്നുന്നവിധത്തിൽ യാത്രാവിവരക്കുറിപ്പുകൾ എഴുതുന്നു.
- ശാസ്ത്രത്തിന്റെ വികാസപരിണാമങ്ങളെ വസ്തുനിഷ്ഠമായി ആവിഷ്കരിക്കാൻ പര്യാപ്തമാകുന്ന ഭാഷാ പ്രയോഗങ്ങളിൽ ഏർപ്പെടുന്നു.
- വിവിധ സ്രോതസ്സുകളിൽ നിന്ന് വിവരശേഖരണം നടത്തി വൈജ്ഞാനിക മേഖലകളിലെ രചനകളിൽ ഏർപ്പെടുന്നു.

**കഥാമുദ്രകൾ**

- മലയാള ചെറുകഥയുടെ ചരിത്രവും വർത്തമാനവും തിരിച്ചറിഞ്ഞ് ലഘുചരിത്രം നിർമ്മിക്കുന്നു.

- നവോത്ഥാനകാലം മുതൽ ഉത്തരാധുനികകാലം വരെയുള്ള മലയാളകഥയുടെ വികാസപരിണാമങ്ങൾ കണ്ടെത്തി കുറിപ്പുകൾ, പ്രബന്ധങ്ങൾ മുതലായവ തയാറാക്കുന്നു.
- കഥയുടെ ഭാവതലവും ഭാഷാപരമായ സവിശേഷതയും തിരിച്ചറിഞ്ഞ് സൂക്ഷ്മാപഗ്രഥനം നടത്തി ഉപന്യാസം എഴുതുന്നു.
- വ്യത്യസ്ത സാഹിത്യരൂപങ്ങളിലുള്ള പരിചയം, കഥയെ നാടകമാക്കുവാനും മറ്റുമുള്ള ശ്രമങ്ങൾ നടത്തുന്നു. ക്രിയാത്മക പ്രവർത്തനത്തിൽ ഏർപ്പെടുന്നു.
- കഥകളുടെ ആഖ്യാനസവിശേഷതകൾ വിശകലനം ചെയ്ത് സെമിനാറുകളിൽ പങ്കെടുത്ത് കുറിപ്പു തയാറാക്കുന്നു.
- സാമൂഹ്യ - രാഷ്ട്രീയതലങ്ങളിൽ കഥകളുടെ വ്യാഖ്യാനങ്ങൾ നടത്തി പഠനം എഴുതുന്നു.
- കഥയുടെ ഇതിവൃത്ത പരിണാമം ഉൾക്കൊണ്ട് പല കാലങ്ങളിൽ രചിക്കപ്പെട്ട രചനകൾ പരിചയപ്പെടുന്നു. താരതമ്യം ചെയ്ത് കുറിപ്പുണ്ടാക്കുന്നു.
- കഥയരങ്ങ് സംഘടിപ്പിച്ച് ചർച്ച നടത്തുകയും വിമർശനക്കുറിപ്പ് എഴുതുകയും ചെയ്യുന്നു.
- ഭാഷയിലെ പലകാലങ്ങളിൽ രചിക്കപ്പെട്ട മികച്ച കഥാമാതൃകകൾ വായിക്കുവാൻ അവസരമൊരുക്കുന്നു. കഥാനുഭവം പങ്കിടുന്നു.
- ചെറുകഥകൾ അപഗ്രഥിച്ച് അവയുടെ പ്രമേയം, രചനാകാലം, ആവിഷ്ക്കരണശൈലി ഇവ മനസ്സിലാക്കി ആസ്വാദനങ്ങൾ, നിരൂപണങ്ങൾ ഇവ തയാറാക്കുന്നു.
- കഥാനിരൂപണങ്ങൾ സമാഹരിച്ച് 'കഥാ നിരൂപണപതിപ്പ് ' തയാറാക്കുന്നു.

**ഭാഷ എന്ന വിസ്മയം**

- മലയാളഭാഷയിലെ അക്ഷരങ്ങളും അവയുടെ പ്രത്യേകതകളും തിരിച്ചറിഞ്ഞ് വർണവും അക്ഷരവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് കുറിപ്പ് എഴുതുന്നു.
- വർണങ്ങളുടെ ഉച്ചാരണരീതി, ഉച്ചാരണസ്ഥാനം തുടങ്ങിയവയെ സംബന്ധിച്ച നിരീക്ഷണങ്ങൾ ക്രോഡീകരിക്കുകയും പട്ടികപ്പെടുത്തുകയും ചെയ്യുന്നു.
- ഭാഷ നിലനില്ക്കുന്നത് ഉച്ചാരണത്തിലും എഴുത്തിലുമാണെന്ന് ബോധ്യപ്പെട്ട് പാഠഭാഗങ്ങൾ ഉറക്കെ വായിക്കുകയും വ്യത്യസ്ത വിഷയങ്ങളിൽ ഉപന്യാസം തയാറാക്കുകയും ചെയ്യുന്നു.
- മലയാളപത്രങ്ങളും ആനുകാലികപ്രസിദ്ധീകരണങ്ങളും പരിശോധിച്ച് ഭാഷാപ്രയോഗത്തിൽ കാണുന്ന പ്രശ്നങ്ങൾ കണ്ടെത്തി ചർച്ച നടത്തുന്നു.

- വാമൊഴിയും വരമൊഴിയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്ത് ഉപന്യാസങ്ങൾ തയാറാക്കുന്നു.
- ഉപന്യാസം, പ്രബന്ധം, ലേഖനം എന്നീ സാഹിത്യരൂപങ്ങൾ തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ മനസ്സിലാക്കി വ്യത്യസ്ത രൂപങ്ങളിൽ എഴുതുന്നു.
- അക്കാദമിക രചനകളുടെ സവിശേഷതകളെക്കുറിച്ച് രൂപപ്പെടുത്തിയ ധാരണകളുടെ അടിസ്ഥാനത്തിൽ രചനകൾ നടത്തുന്നു.

**കവിതയുടെ വഴികൾ**

- മലയാളകവിതയുടെ വികാസപരിണാമ ഘട്ടങ്ങൾ പ്രസ്ഥാനഭേദങ്ങൾ എന്നിവ പഠനവിധേയമാക്കി പ്രബന്ധം തയാറാക്കുന്നു.
- കവിത്രയാനന്തര മലയാളകവിതകളുടെ രൂപഭാവസവിശേഷതകൾ തിരിച്ചറിഞ്ഞ് പഠനം തയാറാക്കുന്നു.
- മഹദ് വ്യക്തികളുടെ ജീവിതവും ദർശനവും സർഗാത്മകരചനകളിൽ ചെലുത്തുന്ന സ്വാധീനം തിരിച്ചറിഞ്ഞ് താരതമ്യക്കുറിപ്പു തയാറാക്കുന്നു.
- ഗീതകം, ഭാവഗീതം മുതലായ കാവ്യരൂപങ്ങളുടെ സവിശേഷതകൾ ഉൾക്കൊണ്ട് ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു.
- മലയാള കവിതയിൽ ആധുനികതയുടെ സ്വാധീനം തിരിച്ചറിഞ്ഞ് പ്രബന്ധം, പ്രഭാഷണം, കുറിപ്പ് മുതലായ രൂപങ്ങളിൽ ആവിഷ്കരിക്കുന്നു.
- കവിതയിലെ സ്ത്രീപക്ഷരചനകളുടെ പ്രസക്തിയും പ്രാധാന്യവും ഉൾക്കൊണ്ട് പഠനക്കുറിപ്പുകളും താരതമ്യക്കുറിപ്പുകളും തയാറാക്കുന്നു.
- .... നവികമൂല്യങ്ങളുടെ വീണ്ടെടുപ്പിൽ സാഹിത്യസൃഷ്ടികൾ ചെലുത്തുന്ന സ്വാധീനം തിരിച്ചറിഞ്ഞ് വിവിധ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുകയും, സർഗാത്മകരചന നടത്തുകയും ചെയ്യുന്നു.
- മാറുന്ന ലോകത്തിലെ ജീവിതക്രമങ്ങളും അന്തഃസംഘർഷങ്ങളും കാവ്യാഭിരുചിയിൽ വരുത്തിയ സ്വാധീനം തിരിച്ചറിഞ്ഞ് വിവിധ രചനകൾക്ക് നിരൂപണം തയാറാക്കുന്നു.
- കാല്പനികത, ആധുനികത, ഉത്തരാധുനികത മുതലായ ഘട്ടങ്ങളിൽ പ്രമേയം, ആഖ്യാനരീതി, ഭാവം എന്നീ തലങ്ങളിൽ മലയാള കവിതയിൽ വന്ന പരിവർത്തനങ്ങൾ പരിശോധിച്ച് പ്രബന്ധം തയാറാക്കുന്നു.

**സംസ്കൃതിയുടെ ഉള്ളറകൾ തേടി**

- നാടൻകലകൾ, നാടോടിസംസ്കാരം എന്നിവ പുതിയ അവബോധനങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തുകയും കണ്ടെത്തലുകൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

- ഫോക്-ക്ലാസിക് കലാരൂപണങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ സ്വരൂപിക്കുവാൻ സെമിനാർ നടത്തി പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നു.
- കേരളീയ സമൂഹത്തിന്റെ അടിയൊഴുക്കായി വർണിക്കുന്ന സാംസ്കാരിധാരകൾ തിരിച്ചറിഞ്ഞ് ചർച്ചാക്കുറിപ്പുകൾസ, ഉപന്യാസങ്ങൾ മുതലായവ തയാറാക്കുന്നു.
- കഥാഗാനങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു.
- വടക്കൻപ്പാട്ട്, തെക്കൻപ്പാട്ട് എന്തൊക്കെ വേർതിരിവുകൾ മനസ്സിലാക്കി ഭാഷ, ദേശം, ആലാപനരീതി എന്നിവയിലൂന്നി പ്രബന്ധം തയാറാക്കുന്നു.
- പഴഞ്ചൊല്ലുകളും കടംകഥകളും സാംസ്കാരികമായ ഈടുവയ്പ്പുകളാണെന്നു ബോധ്യപ്പെട്ട്, സമാഹരിച്ച് പ്രത്യേക പതിപ്പുകളുണ്ടാക്കുന്നു.
- ഐതിഹ്യം, നാടോടിക്കഥ, പുരാവൃത്തം - ഇവയുടെ സാമ്യവും വ്യത്യാസവും തിരിച്ചറിഞ്ഞ് ദത്താശേഖരണവും ആസ്വാദനവും നടത്തുന്നു.
- ഫോക്‌ലോർ പഠനങ്ങളുടെ സമകാലിക പ്രസക്തി തിരിച്ചറിഞ്ഞ് സെമിനാർ പ്രബന്ധങ്ങൾ തയാറാക്കി അവതരിപ്പിക്കുന്നു.
- കലോത്സവങ്ങളിലും കലാമേളകളിലും അവതരിപ്പിക്കപ്പെടുന്ന നാടൻ കലാരൂപങ്ങളുടെ തനിമ നഷ്ടപ്പെടുന്നതിനെക്കുറിച്ചു ചർച്ച ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.
- നാടൻ പാട്ടുകളുടെ അവതരണം, ചൊൽക്കാഴ്ചകൾ എന്നിവ നടത്തി ആസ്വാദനക്കുറിപ്പുണ്ടാക്കുന്നു.
- കല, ഉത്സവം തുടങ്ങിയവ സംബന്ധിച്ചുള്ള വസ്തുതകൾ ശേഖരിച്ച് കലണ്ടർ തയാറാക്കുന്നു.